പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5352 05.07.2012-ൽ മറുപടിയ്ക്ക്

# ധാതുവിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഇൽമനൈറ്റ്, തോറിയം, മോണോസൈറ്റ് എന്നീ ധാതുവിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധനവ് കാര്യക്ഷമമാക്കുന്നതിനായി സാങ്കേതികവിദ്യയും മൂലധന സഹായവും നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ)<br>കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ ഇൽമനൈറ്റ് ഉപയോഗപ്പെടുത്തി ഒരു ടൈറ്റാനിയം സ്പോഞ്ച് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ധാതുക്കളിൽ നിന്നുള്ള മൂല്യവർദ്ധനവ് സൃഷ്ടിക്കുന്നത് പൊതുമേഖല മുഖേനയാണോ അതോ സ്വകാര്യമേഖല മുഖേനയാണോയെന്ന് വിശദീകരിക്കുമോ; | (ബി) പൊതു സ്വകാര്യമേഖലയിലെ സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ ധാതുക്കളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. |
| (സി) ധാതു സംസ്കരണം സ്വകാര്യമേഖലയ്ക്ക് നൽകുവാൻ ഉദ്ദേശ്യമുണ്ടോ; അതോ പി.പി.പി ആയി നടപ്പിലാക്കുന്നതിനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ